**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1801** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, കൃത്യതയാർന്ന ജലപരിപാലനത്തിലൂടെയും വിളകളുടെ ഉത്പാദനക്ഷമത വർധിപ്പിച്ച് കർഷകന്റെ വരുമാനം വർധിപ്പിക്കുക എന്നിവയാണ് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കൂടാതെ പ്രിസിഷൻ ഫാമിംഗിലൂടെ രാസവള-ജൈവവള പ്രയോഗവും സാധ്യമാകുന്നു. |
| (ബി) | ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; | (ബി) | ഒറ്റപ്പാലം മണ്ഡലത്തിലെ കരിമ്പുഴ, ഒറ്റപ്പാലം, അമ്പലപ്പാറ, വാണിയംകുളം, ലക്കിടി – പേരൂർ, തൃക്കടീരി, കടമ്പഴിപ്പുറം എന്നീ കൃഷിഭവൻ പരിധികളിൽ ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഒറ്റപ്പാലം മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കൾ<br><br>**2021-22 സാമ്പത്തിക വർഷം**<br><br>1. മണികണ്ഠൻ സി.റ്റി., ചോത്തോടി ഹൗസ്, കരിമ്പ പി.ഒ., പാലക്കാട്.<br>2. അബ്ദുൾ റഷീദ് എ.റ്റി., അഞ്ജുർത്തൊടി വീട്, തൃക്കടീരി, ഒറ്റപ്പാലം, പാലക്കാട്.<br>3. അബ്ദുൾകാസിം കെ., കണക്കാനത്ത് ഹൗസ്, തരുവക്കോണം പി.ഒ., പനമണ്ണ, പാലക്കാട്.<br>4. വിജിത എസ്., തുളസീദളം, ഒലവക്കോട്, പാലക്കാട്.<br>5. ബേബി കെ., ഐശ്വര്യ കവളപ്പാറ, വാണിയംകുളം.<br>6. രജനി മധുസൂദനൻ, തെക്കേലേത്തൊടിയിൽ ഹൗസ്, അമ്പലപ്പാറ, പാലക്കാട്.<br>7. ഭാരതിയമ്മ, പലഞ്ചിരി വീട്, കടമ്പൂർ പി.ഒ., ഒറ്റപ്പാലം, പാലക്കാട്. |

| | | | |
|---|---|---|---|
| | | | 8. പത്മനാഭൻ പന്തകുളത്തിൽ, അമ്പലപ്പാറ പി.ഒ., പാലക്കാട്.<br>9. കെ.പി. വിജയശേഖർ, ന്യൂ കെ.പി. ഹൗസ്, തോട്ടക്കര, ഒറ്റപ്പാലം, പാലക്കാട്.<br>10. കെബിൻ ബേബി, ചാരിസ് ഹൗസ്, മണലി, മരുത റോഡ്.<br>11. ഏലിയാമ്മ തോമസ്, ചാരിസ് ഹൗസ്, മണലി, മരത റോഡ്.<br><br>**<u>2022-23 സാമ്പത്തിക വർഷം</u>**<br><br>1. മേരി വർഗീസ്, ജോളി വിഹാർ, മണിശ്ശേരി, വാണിയംകുളം, ഒറ്റപ്പാലം.<br>2. കെ.എൻ. ഷൺമുഖൻ, കിഴക്കേവീട്, പാലപ്പുറം, ഒറ്റപ്പാലം.<br>3. മിഥുൻ നാരയണൻ, കിഴക്കേവീട്, പാലപ്പുറം, ഒറ്റപ്പാലം.<br>4. കെ. ബിജിൽ കുമാർ, ശ്രീപതി നഗർ, നഞ്ചുത്തിപുരം.<br>5. ജ്യോതി കുമാർ റ്റി., തേക്കിൻകാട്ടിൽ ഹൗസ്, മയിലുംപുറം, ഒറ്റപ്പാലം. |
| (ഡി) | പ്രസ്തുത പദ്ധതിക്കുവേണ്ടി കർഷകർ അപേക്ഷ സമർപ്പിക്കേണ്ട രീതി വിശദമാക്കുമോ? | (ഡി) | PMKSY- PDMC പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷ ഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും, കൃഷിഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷ പൂരിപ്പിച്ച് ആധാർ കാർഡിന്റെ കോപ്പി, തൻവർഷത്തെ കരം തീർത്ത് രസീത്, (സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന കർഷകർ ഏഴ വർഷത്തെ പാട്ടക്കരാറും), ബാങ്ക് പാസ് ബുക്കിന്റെ കോപ്പി, പാസ്സ്പോർട്ട് സൈസ് ഫോട്ടോ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) എന്നിവ സഹിതം ബന്ധപ്പെട്ട കൃഷിഭവനിലോ, മലമ്പുഴയിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലോ തപാൽ മാർഗ്ഗമോ നേരിട്ടോ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ